(സി) കഴിഞ്ഞ നാലുവർഷമായി പ്രസ്തുത തസ്തികകൾ അനുവദിക്കാത്തിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത തസ്തികകൾ അനുവദിക്കാനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത തസ്തികകൾ അനുവദിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ മുക്കത്ത് എം.കെ.എൻ.എം.ഒ.എച്ച്. എസ്.എസ്. എന്ന പേരിൽ ഒരു ഹയർ സെക്കണ്ടറി സ്കൂൾ അനുവദിച്ചിട്ടുണ്ട്.

(ബി) ടി സ്കൂളുകളിൽ പുതുതായി സൃഷ്ടിക്കേണ്ടതും അപ്ഗ്രേഡ് ചെയ്യേണ്ടുന്നതുമായ ഹയർ സെക്കണ്ടറി അദ്ധ്യാപക തസ്തികകൾ സംബന്ധിച്ച ശിപാർശ പരിഗണനയിലുണ്ട്.

(സി-ഇ) തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച ശിപാർശ സർക്കാർ പരിഗണനയിലാണ്.

കാസർഗോഡ് ഗവൺമെന്റ് കോളേജിലെ കെട്ടിടങ്ങളുടെ നിർമ്മാണം

33(782) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ഗവ. കോളേജ് ലൈബ്രറി കെട്ടിടത്തിന്റെ നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് തുക എത്രയാണ് ; എന്നത്തേക്ക് പണി ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കോളേജിലെ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ഹോസ്റ്റൽ കെട്ടിടങ്ങളുടെ പണി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുക എത്ര ; പണി പൂർത്തിയാകുമ്പോൾ എന്തുതുക ചെലവാകുമെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത കോളേജിൽ പശ്ചാത്തല വികസനത്തിലും പഠനകാര്യത്തിലും എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(എഫ്) പ്രസ്തുത കോളേജിൽ ബി.എ. മലയാളം കോഴ്സ് എന്ന് ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) കാസർഗോഡ് ഗവൺമെന്റ് കോളേജിൽ ലൈബ്രറി ബ്ലോക്ക് നിർമ്മാണത്തിനായി 2010-2011-ലെ വർക്ക് ബഡ്ജറ്റിൽ 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും 1.86 ലക്ഷം രൂപ പ്രൊവിഷനും ഉൾപ്പെടുത്തിയിട്ടുണ്ട്. ടി കെട്ടിടം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കി പണി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി&ഡി) കാസർഗോഡ് ഗവൺമെന്റ് കോളേജിൽ വനിതാഹോസ്റ്റൽ യു.ജി.സി.-യുടെ 11-ാം പദ്ധതിയിൽ ഉൾപ്പെടുത്തി പണി നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിനായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ 165 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ യു.ജി.സി. അനുവദിച്ച 80 ലക്ഷം രൂപ കിഴിച്ച് ബാക്കി ആവശ്യമായി വരുന്ന 85 ലക്ഷം രൂപ ചെലവഴിച്ച് പണി പൂർത്തിയാക്കുന്നതിന് ആവശ്യമായ ഭരണാനുമതി 29-1-2011-ലെ ജി.ഒ. (ആർ‌ടി.) നമ്പർ 152/2011/ ഉ.വി.വ. പ്രകാരം നൽകിയിട്ടുണ്ട്. ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണത്തിനായി വർക്ക് ബഡ്ജറ്റിൽ എസ്റ്റിമേറ്റും പ്രൊവിഷനും ഉൾപ്പെടുത്തിയിട്ടില്ല. ടി നിർമ്മാണം വർക്ക് ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഇ) ടി കോളേജിൽ പശ്ചാത്തല സൗകര്യ വികസനത്തിന്റെയും പഠന സൗകര്യത്തിന്റെയും ഭാഗമായി പി.ജി.ക്ലാസ്സുകളുടെ നവീകരണത്തിനായി ഈ വർഷം 1,21,000 രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ എഡ്യൂസാറ്റ് പദ്ധതി നടപ്പാക്കുന്നതിനായി സാറ്റ്ലൈറ്റ് ഇന്ററാക്ടീവ് ടെർമിനൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 2011-2012 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതി പൂർണ്ണമായും നടപ്പിലാക്കുന്നതാണ്. കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി National Mission on Education through Information Communication Technology പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി Internet Connectivity ലഭ്യമാക്കിയിട്ടുണ്ട്.

(എഫ്) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

കൽപ്പറ്റ ഗവൺമെന്റ് കോളേജിന്റെ വികസനം

94(783) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ കൽപ്പറ്റ എൻ.എം.എസ്.എം. ഗവൺമെന്റ് കോളേജിന്റെ വികസനവുമായി ബന്ധപ്പെട്ട് അദ്ധ്യാപക രക്ഷാകർതൃസമിതിയുടെ നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) അദ്ധ്യാപക രക്ഷാകർതൃസമിതിയുടെ 16-7-2010-ലെ നിവേദനത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly